## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 573 | 27.10.2011-ലെ മറുപടിയ്ക്ക്

## റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>,, കെ. സുരേഷ് കുറുപ്പ്<br>,, സാജു പോൾ<br>,, ബി.ഡി. ദേവസ്സി | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) | റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റബ്ബർ കർഷകർക്കുവേണ്ടി ഫെഡറേഷൻ ഇപ്പോൾ എന്തെല്ലാം സേവനങ്ങളാണ് ചെയ്തുവരുന്നത്; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ അംഗ സംഘങ്ങളുടെ പ്രവർത്തനം ഇല്ലാത്ത മേഖലകളിൽ സംഭരണ ശാഖകൾ തുടങ്ങി ന്യായ വില നൽകി കർഷകരിൽ നിന്നും നേരിട്ട് റബ്ബർ സംഭരിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിച്ചു വരുന്നു. കർഷകർക്ക് ഗുണമേന്മയേറിയ വളവും മറ്റ് കാർഷിക യന്ത്ര സാമഗ്രികളും ന്യായവിലയ്ക്ക് വില്പന നടത്തുന്നു. റബ്ബറിന് വില തകർച്ചയുണ്ടാകുന്ന അവസരങ്ങളിൽ സർക്കാർ നൽകുന്ന താങ്ങുവില നൽകി റബ്ബർ സംഭരണം നടത്തി കർഷകരെ സംരക്ഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉല്പാദനമേഖലയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. കേരളത്തിലെ റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് അവർ ഉല്പാദിപ്പിക്കുന്ന റബ്ബർ സംഭരിച്ച് ഫെഡറേഷനിൽ തന്നെ സംസ്കരിച്ച് റബ്ബറധിഷ്ഠിത ഉല്പന്നങ്ങളാക്കി വ്യാവസായികാടിസ്ഥാനത്തിൽ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി റബ്ബർ പാൽ സംസ്കരിച്ച് അന്താരാഷ്ട്ര ഗുണനിലവാരമുള്ള ബലൂണുകളും റബ്ബർ ബാൻഡുകളും നിർമ്മിക്കുന്നതിനായി മലേഷ്യൻ കമ്പനിയുമായി ചേർന്ന് ഫെഡറേഷന്റെ മുഖ്യ പങ്കാളിത്തത്തോടുകൂടി റൂബക്ക് ബലൂൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി പ്രവർത്തിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തുല്പാദിപ്പിക്കുന്ന റബ്ബറിന്റെ എത്ര ശതമാനമാണ് ഫെഡറേഷൻ കൈകാര്യം ചെയ്തുവരുന്നത്? | (ഡി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ 10% ൽ താഴെ മാത്രമേ ഫെഡറേഷൻ കൈകാര്യം ചെയ്തുവരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ